ആർ.ബി.ഐ./2004-05/458
ഡി.സി.എം.(പി.എൽ.ജി) നമ്പർ
ജി.40/10-01-00/2004-05

മെയ് 07. 2005

ചെയർമാൻ/എം.ഡി./സി.എം.ഡി./സി.ഇ.ഒ
പൊതുമേഖല, സ്വകാര്യമേഖല, വിദേശബാങ്കുകൾ

സർ

**അധിക/പുതിയ സുരക്ഷാ സംവിധാനങ്ങളോടെ ഇന്ത്യൻ ബാങ്ക് നോട്ടുകൾ**

ഉയർന്ന നിലവാരമുള്ള വ്യാജ കറൻസി നോട്ടുകൾ (പ്രത്യേകിച്ചും 100 രൂപാ, 500 രൂപാ വിഭാഗത്തിൽ)] വർദ്ധിച്ച തോതിൽ പ്രചാരത്തിലായ സാഹചര്യത്തിൽ, നമ്മുടെ ബാങ്കുനോട്ടുകളുടെ സുരക്ഷാസംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിലേയ്ക്കായി ഇന്ത്യാ ഗവൺമെന്റ് ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ചു. കമ്മറ്റിയുടെ ശുപാർശകൾ പരിശോധിച്ച്, ഗവൺമെന്റിന്റെ അംഗീകാരത്തോടുകൂടി ഭാരതീയ റിസർവ്ബാങ്ക് നിലവിലുള്ള വിവിധ നോട്ടുകളിൽ കൂടുതൽ സുരക്ഷാകാര്യങ്ങൾ ഏർപ്പെടുത്തി മെച്ചപ്പെടുത്തുകയുണ്ടായി. പുതിയതായി ആവിഷ്ക്കരിച്ച/കൂട്ടിച്ചേർത്ത അധിക സുരക്ഷാ സംവിധാനങ്ങൾ, വ്യാജനോട്ടു തടയുന്നതിനും നല്ല നോട്ടുകൾ എളുപ്പത്തിൽ തിരിച്ചറിയുന്നതിന് പൊതുജനങ്ങളെ സഹായിക്കാനും ഉതകും.

2. കൂടുതൽ സുരക്ഷാക്രമീകരണങ്ങളുള്ള പുതിയ ബാങ്ക് നോട്ടുകൾ സമീപഭാവിയിൽ പുറത്തിറക്കാനാണുദ്ദേശിച്ചിരുന്നത്. 50 രൂപ മുതൽ മുകളിലോട്ടുള്ള ബാങ്കുനോട്ടുകൾ 2005-ൽ ഇറക്കിയത് ഘട്ടംഘട്ടമായിട്ടാണ്. റിസർവ്വ്ബാങ്കിൽ നോട്ടുകൾ പരിശോധിക്കുന്നതും തരംതിരിക്കുന്നതും യന്ത്രങ്ങളുപയോഗിച്ചാണ്. നോട്ടുകൾ കൈകാര്യം ചെയ്യുന്ന മെഷീനുകൾ കൃത്യമായും ആവശ്യാനുസരണവും ശേഖരിക്കാൻ ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എങ്കിൽ മാത്രമേ ആവശ്യമില്ലാത്തതും നശിപ്പിക്കേണ്ടതുമായ നോട്ടുകൾ റിസർവ്വ് ബാങ്കിനയക്കാൻ സാധിക്കുകയുള്ളൂ. ബാങ്കുകൾ പുതിയ സുരക്ഷാ കാര്യങ്ങൾ മനസ്സിലാക്കിയാൽ മാത്രമേ തക്കതായ യന്ത്രങ്ങൾ സജ്ജമാക്കാൻ കഴിയുകയുള്ളൂ. 50, 100, 500, 1000 നോട്ടുകളിൽ ഉള്ള പുതിയ സുരക്ഷാ കാര്യങ്ങൾ വിശദമായി ഇതോടൊപ്പം അയക്കുന്നു. സുരക്ഷാകാര്യങ്ങളുടെ ലിസ്റ്റു തയ്യാറാക്കി അതിനെ കൃത്യമായി പഠിച്ച് അതുപരിശോധിച്ചു തക്കതായ നടപടികൾ ഈ ബാങ്ക് നോട്ടുകൾ കൈകാര്യം ചെയ്യുന്നതിൽ സ്വീകരിക്കുകയും വേണം.

3. ബാങ്കുകളിലെ ചീഫ് എക്സിക്യൂട്ടീവുമാരുടെ ഒരു യോഗം കൂടി, ബാങ്ക് നോട്ടുകളുടെ സുരക്ഷാ കാര്യങ്ങളിൽ വരുത്തിയിട്ടുള്ള മാറ്റങ്ങൾ മനസ്സിലാക്കി ഒരു സാർവ്വത്രിക തയ്യാറെടുപ്പു നടത്തുകയും വേണം. എല്ലാവർക്കും സൗകര്യമുള്ള ഒരു ദിവസം ഇതിനായി തെരഞ്ഞെടുക്കുന്നതാണ്. ഈ പുതിയ നോട്ടുകൾ

പ്രചാരത്തിലിറക്കുമ്പോൾ തന്നെ അവയുടെ പ്രത്യേകതകൾ വിശദീകിരക്കുവാനായി പൊതുജന ബോധവൽക്കരണ പരിപാടി റിസർവ് ബാങ്ക് നടത്തുന്നതായിരിക്കും.

വിശ്വസ്തതയോടെ

(ഒപ്പ്)

**(യു.എസ്. പാലവാൾ)**

ചീഫ് ജനറൽ മാനേജർ

നിലവിലുള്ളതും പുതുക്കിയ സുരക്ഷാ സെക്യൂരിററി ക്രമീകരണവും 50-100-500-1000 രൂപ നോട്ടുകളിൽ

| ക്രമ നമ്പർ | ലക്ഷണം | വിഭാഗം | നിവിലുള്ള സുരക്ഷാ ക്രമീകരണം | നിർദ്ദിഷ്ട സുരക്ഷാക്രമീകരണം |
|---|---|---|---|---|
| 1. | പേപ്പർ | എല്ലാറ്റിനും | ബാങ്കുനോട്ടുകൾ സ്പെഷ്യൽ വാട്ടർ മാർക്കുള്ള റാഗ് പേപ്പറിൽ അച്ചടിക്കുന്നു. ഇതിൽ തൊടുമ്പോൾ പ്രത്യേകമായ ഒരു ശബ്ദമുണ്ടാക്കുന്നു. **തൂക്കം** 82 ജിഎസ്എം. 10 രൂ മുതൽ 500 രൂ വരെ 87.5 ജിഎസ്എം - 1000 രൂ. **കാലിഫർ തിക്നസ്സ്** 100 മൈക്രോൺ - 10 രൂ മുതൽ 500 രൂ വരെ 105 മൈക്രോൺ - 1000 രൂ. | **ഗ്രാമേജ്** 90 ജിഎസ്എം (±3) 10 രൂ മുതൽ 1000 രൂ വരെ **കാലിഫർഘനം** 110 മൈക്രോൺ (±5) രൂപ 10 രൂ മുതൽ 1000 രൂ. |
| 2. | വാട്ടർമാർക്ക് | എല്ലാറ്റിനും | മഹാത്മാഗാന്ധി വാട്ടർമാർക്ക് (ലൈറ്റും നിഴലും ചേർന്ന പ്രതീതിയുള്ളത്) വാട്ടർമാർക്കിൽ അനേകം വരകൾ വെളിച്ചത്തു പിടിക്കുമ്പോൾ ഇതു തെളിഞ്ഞു കാണാം. | നിലവിലുള്ള സുരക്ഷാ സംവിധാനം തുടരും. |
| 3. | രഹസ്യവാട്ടർമാർക്ക് | എല്ലാത്തിലും | രഹസ്യ വാട്ടർമാർക്കിൽ "ആർബിഐ" എന്നും നോട്ടിന്റെ മൂല്യം അക്കത്തിലും കാണുന്നു. | നിലവിലുള്ള സുരക്ഷാ സംവിധാനം തുടരും |
| 4. | സെക്യൂരിറ്റിത്രഡ് | രൂ - 1000 രൂ - 500 രൂ - 100 | 100 രൂപാ, 500 രൂപാ നോട്ടുകളിൽ മുൻവശത്തെ ഇടമുറിഞ്ഞു കാണുന്ന സെക്യൂരിറ്റിത്രഡിൽ 'ഭാരത്' എന്നു ഹിന്ദിയിലും 'ആർബിഐ ' എന്ന് ഇംഗ്ലീഷിലും | മെഷിൻ ഉപയോഗിച്ചു വായിക്കാവുന്നതും ഇടമുറിഞ്ഞതുമായ മാഗ്നറ്റിക് സെക്യൂരിറ്റിത്രഡിൽ 'ഭാരത്' എന്ന് |

| | | | | |
|---|---|---|---|---|
| | | | രേഖപ്പെടുത്തിയിട്ടുണ്ട് 1000 രൂപാ നോട്ടിൽ മേൽപറഞ്ഞതിനു പുറമേ ‘1000’ എന്നും രേഖപ്പെടുത്തിയിരിക്കും പിറകുവശത്ത് ഇത് കാണാനാവില്ല.  എന്നാൽ വെളിച്ചത്തിനെതിരെ പിടിച്ചാൽ, ഇത് ഒറ്റ തുടർരേഖയായി കാണാം. 100, 500 രൂപാ നോട്ടുകളിലെ സെക്യൂരിറ്റിത്രഡ് അൾട്രാവയലറ്റ് രശ്മിയിൽ നീലനിറത്തിൽ തിളങ്ങും. 1000 രൂപായിൽ ഇത് മഴവിൽവർണ്ണത്തിൽ തിളങ്ങും.<br>വണ്ണം 1.2 എം.എം.<br>100നും 500നും<br>2 എം.എം.<br>1000ന് | ഹിന്ദിയിലും ആർബിഐ എന്നു ഇംഗ്ലീഷിലും - 100-500 നോട്ടുകളിലും കൂടാതെ ‘1000’ എന്നും കൂടി 1000 രൂപാ നോട്ടിലും കാണാം. വിവിധ കോണുകളിൽ നിന്നു നോക്കുമ്പോൾ സെക്യൂരിറ്റിത്രഡ് പച്ചയിൽ നിന്നും നീലയാകും. മറുവശത്തു തിളങ്ങുന്ന മഞ്ഞ നിറമായി, അൾട്രാ വയലറ്റ് പ്രകാശത്തിൽ കാണാം.<br>വീതി<br>3 എം.എം.<br>1000ന് 500നും<br>2 എം.എം.<br>100ന് |
| | സെക്യൂരിറ്റിത്രഡ് | രൂപ 50 | ‘‘ഭാരത്’’ എന്നു ഹിന്ദിയിലും ‘‘ആർബിഐ ’’ എന്ന് ഇംഗ്ലീഷിലും ആലേഖനം ചെയ്ത, യു.വി. രശ്മികളിൽ നീലനിറത്തിൽ തിളങ്ങുന്ന പോളിയെസ്റ്റർ സെക്യൂരിറ്റിത്രഡ്.<br>വീതി 1.2 എം.എം. | മെഷിനിൽ ക്കൂടിവായിക്കാവുന്ന ഇടമുറിഞ്ഞ ക്ലിയർ ടെക്ടറ്റ് മാംഗ്നറ്റിക് സെക്യൂരിറ്റിത്രഡിൽ ‘‘ഭാരത്’’ എന്ന് ഹിന്ദിയിലും ‘‘ആർബിഐ’’ എന്ന് ഇംഗ്ലീഷിലും ഉള്ളത് യു.വി. ലൈറ്റിൽ രണ്ടു വശത്തും |

| | | | | |
|---|---|---|---|---|
| | | | | മഞ്ഞയിൽ<br>തിളങ്ങിക്കാണാം. |
| 5. | ഇലക്ട്രോലൈറ്റ്<br>വാട്ടർമാർക്ക് | എല്ലാത്തിനും | നിലവിലില്ല | മഹാത്മാഗാന്ധി<br>വാട്ടർമാർക്കിന്റെ<br>ഒരു വശത്ത്<br>നോട്ടിന്റെ<br>മൂല്യത്തിന്റെ<br>തെളിഞ്ഞ<br>വാട്ടർമാർക്ക് |
| 6. | ഓമ്റോൺ -ആന്റി<br>ഫോട്ടോകോപ്പിയിംഗ്<br>സവിശേഷത | രൂപ 50 നും<br>മുകളിലും | ഇപ്പോൾ 500, 1000 രൂപാ<br>നോട്ടുകളിൽ മാത്രമുണ്ട്<br>ഈ പ്രത്യേകതയുള്ള ബാങ്കു<br>നോട്ടുകൾ കളർകോപ്പിയർ<br>ഉപയോഗിച്ച് കോപ്പി<br>ചെയ്യുമ്പോൾ വ്യത്യസ്തമായ<br>ഓരു കളർ ഷേഡാണ്<br>കിട്ടുന്നത്. ഈ രീതി<br>വികസിപ്പിച്ചെടുത്തത് ബിസ്<br>(BIS) ആണ്. തുടർന്ന്<br>ആർബിഐ യുമായി<br>കരാറിലേർപ്പെടുകയും ബാങ്ക്<br>നോട്ടുകളിലേക്ക് ഈ രീതി<br>കൂട്ടിച്ചേർക്കുകയും ചെയ്തു. | 100 രൂപ, 50 രൂപ<br>നോട്ടുകളിലും ഈ<br>പ്രത്യേകത<br>ചേർക്കുന്നു. |
| 7. | പ്രിന്റു ചെയ്ത<br>വർഷം | എല്ലാ<br>നോട്ടിലും | ഇപ്പോഴില്ല | ബാങ്ക്നോട്ടിന്റെ<br>മറുവശത്ത്,<br>അച്ചടിച്ച വർഷം<br>രേഖപ്പെടുത്തുന്നു |
| 8. | വ്യത്യസ്തമാകുന്ന<br>മഷി (ഒവിഐ) | 500 രൂപക്കും<br>1000<br>രൂപയ്ക്കും | നോട്ടിന്റെ മദ്ധ്യത്തിൽ<br>പ്രിന്റുചെയ്തിരിക്കുന്ന,<br>നോട്ടിന്റ മൂല്യം<br>സൂചിപ്പിക്കുന്ന അക്കത്തിൽ<br>ഈ സവിശേഷത<br>കൂട്ടിച്ചേർക്കപ്പെട്ടിരിക്കുന്നു.<br>നോട്ട് നേരെ പിടിക്കുമ്പോൾ<br>പച്ചയായും, ചരിക്കുമ്പോൾ,<br>നീലയായും മാറുന്നു. രൂ **500**:<br>13 എം.എം. x 30 എം.എം.<br>(390 ച.മീ.) | നമ്പറുകളുടെ<br>വലിപ്പം കുറച്ചതും<br>പച്ചയിൽ നിന്നും<br>നീലയിലേക്ക്<br>ഉണ്ടാവുന്ന<br>നിറംമാറ്റവും.<br>രൂപ 500<br>12 എം.എം. x 27<br>(330 ച.മീ.)<br>രൂപ 1000<br>12 എം.എം. x 14 |

| | | | | |
|---|---|---|---|---|
| | | | രൂപ 1000<br>14.5 എം.എം. x 39 എം.എം.<br>(565.5 ച.മീ.) | എം.എം.<br>(408 ച.മീ.) |
| 9. | 'സീ-ത്രൂ' ഇഫക്ട് | എല്ലാത്തിനും | ചെറിയ പൂവിന്റെ ഡിസൈൻ നോട്ടുകളുടെ മുൻപിലും പിന്നിലും വാട്ടർമാർക്കിനടുത്തായി പ്രിന്റു ചെയ്തിട്ടുണ്ട്. നോട്ടുകൾ വെളിച്ചത്തിനെതിരേ പിടിച്ചു നോക്കിയാൽ ഒറ്റ പുഷ്പമായി കാണും. | നിലവിലുള്ള സെക്യൂരിറ്റി അടയാളം പരിഷ്കരിച്ച രീതിയിൽ തുടരും |
| 10. | ലേറ്റന്റ് ഇമേജ് (മറഞ്ഞു നില്ക്കുന്ന പ്രതിബിംബം) | എല്ലാത്തിനും | മഹാത്മാഗാന്ധിയുടെ പടത്തിനു വലതുവശത്തെ നീളമുള്ള ബാൻഡിൽ, നോട്ടിന്റെ മൂല്യം അക്കത്തിൽ മറഞ്ഞിരിക്കുന്ന രൂപത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കണ്ണിന് തിരശ്ചീനമായി നോട്ടുകൾ പിടിച്ചാലേ ഈ പ്രതിബിംബം കാണാൻ സാധിക്കുകയുള്ളൂ. | നിലവിലുള്ള സുരക്ഷാകാര്യങ്ങൾ പരിഷ്കരിച്ചു തുടരും |
| 11. | മൈക്രോ ലറ്ററിംഗ് (സൂക്ഷ്മമായ അക്ഷരങ്ങൾ) | എല്ലാത്തിനും | മഹാത്മാഗാന്ധിയുടെ ചിത്രത്തിനും നീളമുള്ള ബാൻഡിനും ഇടയിലാണ് മൈക്രോ ലറ്ററിംഗ് കാണപ്പെടുന്നത്. 10 രൂപാ നോട്ടുകളിൽ 10 എന്ന സംഖ്യയും, 20 രൂപാ മുതലുള്ള നോട്ടുകളിൽ നോട്ടിന്റെ മൂല്യത്തിനു പുറമേ 'RBI' എന്ന് പ്രത്യേകമായും കാണുന്നു. ഭൂതക്കണ്ണാടിയിലൂടെ ഇത് വ്യക്തമായി കാണാൻ കഴിയും. | നിലവിലുള്ള സുരക്ഷാക്രമം തുടരും |
| 12. | ഇന്ററാംഗ്ലിയോ | എല്ലാത്തിലും | ബാങ്കിന്റെ പേര് ഹിന്ദിയിലും | ഇന്റാഗ്ലിയോ |

| | | | | |
|---|---|---|---|---|
| | (ഉയർന്നു<br>നില്ക്കുന്ന) പ്രിന്റിംഗ് | | ഇംഗ്ലീഷിലും, റിസർവ്വു<br>ബാങ്കു സീൽ, ഗാരന്റി<br>വാചകം, ഇടതുവശത്തെ<br>അശോകചക്ര ചിഹ്നം<br>ഗവർണ്ണരുടെ ഒപ്പ് എന്നിവ<br>ഇന്റഗ്ലിയോ രീതിയിലാണ്<br>അച്ചടിച്ചിരിക്കുന്നത്. ഇത്<br>സ്പർശനത്തിലൂടെ<br>മനസ്സിലാക്കാവുന്നതാണ്.<br>ഇപ്പോൾ 80 മൈക്രോൺ<br>ഇന്റാഗ്ലിയോയാണ്<br>ഉപയോഗിക്കുന്നത്. 500,<br>1000 രൂപാ നോട്ടുകളുടെ<br>പിൻഭാഗത്തും ഇന്റാഗ്ലിയോ<br>അച്ചടിച്ചിട്ടുണ്ട്. | പ്രിന്റിംഗിന്റെ ഘനം<br>130 മൈക്രോൺ<br>ആയി<br>വർദ്ധിപ്പിക്കുന്നു.<br>500, 1000 രൂപാ<br>നോട്ടുകളിലും<br>മുൻവശത്ത് മാത്രം<br>ഇന്റാഗ്ലിയോ<br>പ്രിന്റിംഗ് |
| 13. | തിരിച്ചറിയൽ മാർക്ക് | എല്ലാത്തിലും | കാഴ്ചയില്ലാത്തവർക്ക്<br>തിരിച്ചറിയാവുന്ന വിധം<br>നോട്ടിന്റെ ഇടതുവശത്ത്<br>വാട്ടർമാർക്കിനടുത്തായി<br>ഉയർന്നു നില്ക്കുന്ന<br>തിരിച്ചറിയൽ<br>അടയാളങ്ങളുണ്ട്. അത്, 50<br>രൂപയിൽ സമചതുരവും 100<br>രൂപയിൽ ത്രികോണവും 500<br>രൂപയിൽ വൃത്താകൃതിയും<br>1000 രൂപയിൽ ഡയമണ്ട്<br>ആകൃതിയായിരിക്കും. | പ്രിന്റിന്റെ ആഴം 83<br>മൈക്രോണിൽ<br>നിന്നും, 160<br>മൈക്രോൺ<br>ആക്കുന്നതാണ്. |
| 14. | ഫ്ളൂറസൻസ്<br>(തിളക്കം) | എല്ലാം | നമ്പർ പാനലുകളും<br>മദ്ധ്യഭാഗവും<br>തിളക്കമുള്ള<br>മഷിയിലാണ്<br>അച്ചടിച്ചിരിക്കുന്നത്.<br>ബാങ്ക്നോട്ടുകൾക്ക്ഒപ്റ്റിക്കൽ<br>നാരുകളാണുള്ളത്. ഇവ<br>രണ്ടും അൾട്രാ വയലറ്റിൽ<br>തെളിഞ്ഞു കാണാം. | നിലവിലുള്ള<br>സവിശേഷതകൾ<br>തുടരും. |
| 15. | ഒപ്റ്റിക്കൽ നാരുകൾ | എല്ലാത്തിലും | ഒറ്റനിറമുള്ള<br>ഒപ്റ്റിക്കൽനാരുകൾ | രണ്ടു നിറങ്ങളുള്ള<br>ഒപ്റ്റിക്കൽ |

| | | | | |
|---|---|---|---|---|
| | | | | നാരുകൾ |